# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചോദ്യമിടാത്ത ചോദ്യം നം.83 07.08.2017 ൽ മറുപടിക്ക്

## തിരുവനന്തപുരം, കോഴിക്കോട് മെട്രോ റെയിൽ പദ്ധതി

ചോദ്യം | ഉത്തരം

ശ്രീ. ബി. സത്യൻ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | തിരുവനന്തപുരം, കോഴിക്കോട് മെട്രോറെയിൽ പദ്ധതികളുമായി ബന്ധപ്പെട്ട്എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | 1. തിരുവനന്തപുരം, കോഴിക്കോട്, ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11.09.2015-ലെ ജി.ഒ.(എം.എസ്) നം.74/2015/പി.ഡബ്ള്യൂ.ഡി പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട് (തിരുവനന്തപുരം -4219 കോടി + കോഴിക്കോട് - 2509കോടി).<br>2. കേന്ദ്രസർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദരൂപരേഖകളും, മറ്റ് വിശദവിവരങ്ങളുംസമർപ്പിച്ചിട്ടുണ്ട്<br>3. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു Special Purpose Vehicle (SPV) രൂപീകരിച്ചു (ജി.ഒ./എം.എസ് നം.72/2012/പി.ഡബ്യൂ.ഡി, 09.10.2012).<br>4. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി.യെ നിയമിച്ചു കൊണ്ടുള്ള കരാർ 20.01.2016-ന് ഒപ്പുവച്ചു.<br>5. തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ, എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ 08.09.2016-ലെ ജി.ഒ.(എം.എസ്.)നം. 67-2016-പി.ഡബ്ള്യൂ.ഡി പ്രകാരം 272.84 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി,. ഇതിനാവശ്യമായ 2.77ഹെക്ടർ സ്ഥലമേറ്റെടുപ്പിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. പദ്ധതി ചെലവ് തുക KIIFB മുഖേന സമാഹരിച്ച് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച SPV ആയ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) വഴി ചെലവഴിക്കുന്നതിനും, പദ്ധതി നടപ്പിലാക്കുന്നതിനുള്ള കൺസൽറ്റന്റായി ഡി.എം.ആർ.സി-യെ നിയമിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.<br>6. കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.4474 ഹെക്ടർ സ്വകാര്യ ഭൂമിയും, തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമിയും, ഏറ്റെടുക്കുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ അതാത് ജില്ലാകളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്.<br>7. ലൈറ്റ് മെട്രോ ഡിപ്പോ/യാർഡ് നിർമ്മാണങ്ങൾക്കായി |

| | | |
|---|---|---|
| | | തിരുവനന്തപുരത്ത് 19.54.716 ഏക്കർ സർക്കാർഭൂമിയും, കോഴിക്കോട് 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.<br>8. തിരുവനന്തപുരം ലൈറ്റ് മെട്രോപദ്ധതിയുടെ മറ്റൊരു പ്രധാന പ്രാരംഭ പ്രവർത്തനമായ കഴക്കൂട്ടം - കേശവദാസപുരം പാത വികസത്തിനും 16.01.2017-ലെ ജി.ഒ.(എം.എസ്.)നം. 79-2017-പി.ഡബ്ള്യൂ.ഡി, പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്<br>9. കോഴിക്കോട് ലൈറ്റ് മെട്രോയുടെ പ്രധാന പ്രാരംഭ പ്രവർത്തനമായ മാനാഞ്ചിറ - മീഞ്ചന്ത പാത വികസത്തിന് 28.07.2017-ലെ ജി.ഒ.(ആർ.ടി.) നം. 1108-2017-പി.ഡബ്ള്യൂ.ഡി, പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം മെട്രോ റെയിൽ ആദ്യഘട്ടത്തിൽ എത്ര കിലോമീറ്ററാണ് വിഭാവനം ചെയ്തിരിക്കുന്നത്; എവിടെ ആരംഭിച്ച് എവിടെ അവസാനിക്കുന്നതാണ് ആദ്യഘട്ട പദ്ധതി; വിശദമാക്കാമോ? | (ബി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി ആദ്യഘട്ടം 21.821 കിലോ മീറ്ററാണ് വിഭാവനം ചെയ്തിരിക്കുന്നത്. പള്ളിപ്പുറം ടെക്നോസിറ്റിയിൽ നിന്ന് ആരംഭിച്ച് കരമന വരെയാണ് ആദ്യഘട്ടം. |

സെക്ഷൻ ഓഫീസർ